ओ३म्

# സ്വർഗ്ഗകാമോ യജേത

## സുഖജീവിതം ആഗ്രഹിക്കുന്നവർ യജ്ഞം ചെയ്യണം



സമാഹരണം: കെ.എം. രാജൻ

പ്രസിദ്ധീകരണം: ആര്യസമാജം, വെള്ളിനേഴി

# ആമുഖം

മാനവരുടെ അടിസ്ഥാന ധർമ്മഗ്രന്ഥമാണ് അപൗരുഷേയമായ വേദങ്ങൾ. മതങ്ങൾക്കൊന്നിനും വേദങ്ങളോളം പഴക്കമില്ലാത്തതിനാൽ ലോകത്തിലെ ഏതു മതസ്ഥർക്കും വേദങ്ങളെ ധർമ്മഗ്രന്ഥമായി അംഗീകരിച്ച് അവയിൽ പറയുന്ന ഏവരും അനുഷ്ഠിക്കേണ്ടതായ കാലദേശാതിവർത്തിയായ യജ്ഞാനുഷ്ഠാനങ്ങളും ഈശ്വരീയജ്ഞാനങ്ങളും ജാതി - മത - വർഗ്ഗ - ലിംഗ ഭേദമന്യേ സർവ്വമാനവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ചെയ്യാവുന്നതാണ്. അഗ്നിഹോത്രം കൊണ്ട് അന്തരീക്ഷത്തിലും നമ്മുടെ ആവാസ വ്യവസ്ഥയിലും ഉണ്ടാകുന്ന ശാസ്ത്രീയ മാറ്റങ്ങളെ പ്രതിപാദിക്കുന്ന ഈ ലഘു ഗ്രന്ഥം എല്ലാ സജ്ജനങ്ങളുടെയും സമക്ഷം സമർപ്പിക്കുന്നു.

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

എന്ന്

സ്ഥലം: വെള്ളിനേഴി
തീയതി: 4.09.2018

വി. ഗോവിന്ദദാസ്
പ്രധാൻ
ആര്യ,സമാജം
വെള്ളിനേഴി

വ്യക്തിഗത ഉപയോഗത്തിന് വേണ്ടി.

ഒന്നാം പതിപ്പ്. സെപ്തംബർ 2013. കോപ്പികൾ 1000
രണ്ടാം പതിപ്പ് : സെപ്തംബർ 2018 കോപ്പികൾ 2000

# സ്വർഗ്ഗകാമോ യജേതാ

## സുഖജീവിതം ആഗ്രഹിക്കുന്നവർ യജ്ഞം ചെയ്യണം

## 20 മിനിട്ട് അഗ്നിഹോത്രം! 24 മണിക്കൂർ അന്തരീക്ഷ പരിശുദ്ധി

അഗ്നിഹോത്രം അഥവാ യജ്ഞമെന്നത് കേവലമൊരു ആരാധന പദ്ധതി മാത്രമല്ല, മലീമസമായ വായു മണ്ഡലത്തേയും അന്തരീക്ഷത്തേ ഒന്നാകെ തന്നെ സംരക്ഷിക്കാൻ കഴിവുള്ള ഒരു മഹത്തായ രക്ഷാകവചം കൂടിയാണെന്ന് ഭാരതത്തിനകത്തും പുറത്തും നടന്ന നിരവധി ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യരുടെ മാനസികവും ശാരീരികവുമായ അസുഖങ്ങളേയും മൃഗങ്ങളും സസ്യജാലങ്ങളുമടക്കമുള്ള ആവാസവ്യവസ്ഥയിലെ നിരവധി വ്യത്യസ്ത രോഗങ്ങളേയും ഇല്ലാതാക്കി അവക്കെല്ലാം സ്വസ്ഥതയും സ്വച്ഛതയും നൽകി അന്തരീക്ഷ ശുദ്ധി പ്രദാനം ചെയ്യുന്ന ലളിതമായ ഒരു ശാസ്ത്രീയ കർമ്മമാണ് അഗ്നിഹോത്രം. കാൻസർ, ക്ഷയം, പോളിയോ, അലർജി തുടങ്ങി അന്തരീക്ഷ മലിനീകരണം മൂലമുണ്ടാകുന്ന അസുഖങ്ങളെക്കുറിച്ച് ബുദ്ധിജീവികളും

ഉന്നതരായ പണ്ഡിതന്മാർ പോലും ചിന്താലുക്കളാണിന്ന്. അനേകം അക്കാദമിക്ക് ഡിഗ്രികളും സാമ്പത്തിക സ്രോതസ്സുകളുമുണ്ടായാൽ പോലും കാൻസർ പോലുള്ള രോഗങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുക ദുഷ്കരമാണ്. രോഗിക്ക് തന്റെ അസുഖത്തേക്കുറിച്ച് മനസ്സിലാവുമ്പോഴേക്കും പലപ്പോഴും അയാൾ രോഗം മൂർച്ഛിച്ച് ചികിത്സകളാൽ രക്ഷനേടാൻ പറ്റാത്ത അവസ്ഥയിലായിട്ടുണ്ടാവും.

ഇത്തരം മാരകരോഗങ്ങളിൽ നിന്നും രക്ഷനേടാനുള്ള ഒരുവഴി പ്രതിദിനം അഗ്നിഹോത്രം ചിട്ടയോടെ അനുഷ്ഠിക്കുക എന്നതാണ്. ഏകദേശം 20 മിനിട്ട് നീണ്ടുനിൽക്കുന്ന അഗ്നിഹോത്രം നടത്താൻ സ്വൽപ്പം നെയ്യും ഹവിസ്സായി ഉപദോഗിക്കുവാനുമുള്ള അൽപ്പം സാമഗ്രികളുമുണ്ടെങ്കിൽ 24 മണിക്കൂർ നേരത്തേക്ക് ദുഷിച്ച വാതകങ്ങളെ തടഞ്ഞു നിർത്താൻ കെൽപ്പുള്ള ഒരു അന്തരീക്ഷ കവചം അവിടെ രൂപം കൊള്ളും.

നമ്മുടെ അന്തരീക്ഷത്തിൽ കുറഞ്ഞ അനുപാതത്തിൽ സ്വഭാവിക രൂപത്തിൽ സൾഫർ, നൈട്രജൻ, കാർബൺ ഡൈ ഓക്സൈഡ്, കാർ

ബൺ മോണോക്സൈഡ്, ഈയ്യം പോലുള്ള പദാർത്ഥങ്ങളടങ്ങിയ Suspended Particulate Matter (SPM) എന്നിവയുണ്ട്. മോട്ടോർ വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തു വിടുന്ന ഓക്സൈഡുകളായ സൾഫർ ഡൈ ഓക്സൈഡ്($SO_2$), നൈട്രസ്സ് ഓക്സൈഡ് ($N_2O$), കാർബൺ മോണോക്സൈഡ് (CO), ഈയ്യം (Lead) എന്നിവ നിശ്ചിത അനുപാതത്തിലധികം വർദ്ധിക്കുന്നത് ആരോഗ്യത്തിന് ഹാനികരമായിത്തീരുന്നു. ഓസോൺ പാളികളിലുണ്ടാകുന്ന വിള്ളലുകൾ, പുകരൂപത്തിൽ വ്യാപിക്കുന്ന ഹാനികാരകങ്ങളായ വാതകങ്ങൾ എന്നിവ മനുഷ്യരിൽ കാൻസർ പോലുള്ള രോഗങ്ങൾക്ക് കാരണമാവുന്നു. ഇതിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാണ് വേദങ്ങളിൽ പ്രകീർത്തിക്കുന്ന അഗ്നിഹോത്രം തുടങ്ങിയ വിശിഷ്ട യജ്ഞങ്ങൾ.

**ഹവിസ്സ്:** ഹവിസ്സ് 4 തരമുണ്ട്. അവ ഇപ്രകാരമാണ്.

**ഇഷ്ടം** (കസ്തൂരി, കേസരം, ഏലക്ക, ജാതിക്ക, ജാതിപത്രി തുടങ്ങിയ സുഗന്ധിത വസ്തുക്കൾ)

**പുഷ്ടം** (പശുവിൻ നെയ്യ്, പാൽ, പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, അരി, ഗോതമ്പ്, ഉഴുന്ന്, എള്ള്) തുടങ്ങിയ ധാന്യങ്ങളടങ്ങിയ പൗഷ്ടിക പദാർത്ഥങ്ങൾ)

**ശിഷ്ടം** (സോമലത, ചിറ്റമൃത്, രാമച്ചം, കുറുന്തോട്ടി വേര്, തുളസിയില ഉണക്കി പൊടിച്ചത് തുടങ്ങിയ രോഗനാശക ഔഷധങ്ങളടങ്ങിയവ)

**മിഷ്ടം** (ശർക്കര, തേൻ, ഉണക്കമുന്തിരി, കൊട്ടതേങ്ങ തുടങ്ങിയ മധുരപദാർത്ഥങ്ങൾ) എന്നീ ഹവിസ്സുകളും പ്ലാശ്, കൂവളം, നെല്ലി, ആൽ, ചന്ദനം എന്നിവയുടെ 10 ഇഞ്ച് വലിപ്പമുള്ള ചീളുകൾ, ചാണകവരളികൾ (ചാണക വരളി വൈദികയജ്ഞത്തിന് പൊതുവെ ഉപയോഗിക്കാറില്ല. അഗ്നിഹോത്ര ചികിത്സകൾക്കും മറ്റും ഉപയോഗിക്കാവുന്നതാണ്) എന്നിവ ഉപയോഗിച്ച് അഗ്നിഹോത്രം ചെയ്യാവുന്നതാണ്. (ഈ സാമഗ്രികളുടെ വിലയും ലഭ്യതയുമനുസരിച്ച് ഹവിസ്സ് തയ്യാറാക്കിയാൽ മതി. എല്ലാ സാമഗ്രികളും നിർബന്ധമായും വേണമെന്ന് ശഠിക്കണമെന്നില്ല. സാമഗ്രികൾ കൂടുന്നതിനനുസരിച്ച് ഗുണത്തിലും വർദ്ധനവുണ്ടാ

കുമെന്ന് മാത്രം). ഏറ്റവും ചുരുങ്ങിയത് 36 ആഹുതികൾ. (സമിധാദാന മന്ത്രം 3, ഘൃതാഹുതി മന്ത്രം 5, ആഘാരാവാജ്യഭാഗാഹുതി മന്ത്രങ്ങൾ 4, പ്രാതഃസായം കാലീന ആഹുതി മന്ത്രങ്ങൾ 24) എങ്കിലും അർപ്പിച്ച് യജ്ഞം സമാപിപ്പിക്കാം (കൂടുതൽ സമയവും സാമഗ്രികളും ഉണ്ടെങ്കിൽ സ്വസ്തിവാചനം, ശാന്തികരണം എന്നീ മന്ത്രങ്ങൾക്കു പുറമേ വേദങ്ങളിലെ വിശിഷ്ടങ്ങായ വിവിധ സൂക്തങ്ങളാൽ ബൃഹത് അഗ്നിഹോത്രം തന്നെ നടത്തണം).

ഈ ഔഷധികൾ, ജലാംശം ബാഷ്പീകരിക്കുന്ന പദാർത്ഥങ്ങൾ, Ethyle and Methyl Alcohol, പ്രോപിയോണിക് ആസിഡ് (Propionic Acid) എന്നിവ സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിനുതകുന്ന കണങ്ങളെ ഉത്പ്പാദിപ്പിക്കുന്നു. ഇവ ദിവസം മുഴുവൻ ആന്തരികവും ബാഹ്യവുമായ മാലിന്യങ്ങളിൽ നിന്നും രക്ഷ നൽകുന്നു. സൾഫർ ഡൈ ഓക്സൈഡ്, നൈട്രസ് ഓക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നിവയെ വിഛേദിച്ച് ഇവയെ വീണ്ടും സൾഫർ, ഓക്സിജൻ, നൈട്രജൻ എന്നിവയാക്കി മാറ്റുന്നു. ഇത്തരത്തിൽ Suspended

Particulate Matter കൾ യജ്ഞത്തിൽ ആഹുതി ചെയ്യപ്പെട്ട നെയ്യിന്റേയും മറ്റു ആന്റിസെപ്റ്റിക് വാതകങ്ങളുടേയും സംയോഗത്തിൽ വരുന്നതിന്റെ ഫലമായി അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നു. ചാണകത്തിലടങ്ങിയ മീഥെയ്ൻ (Methane) വിഘടിച്ച് ആവശ്യാനുസരണം ഹൈഡ്രജൻ ഉത്പ്പാദിപ്പിക്കപ്പെടുന്നു. ഇത് ആഗോള താപമാനത്തെ തടയാൻ ഉപകരിക്കുന്നു. ജലത്തെ ശുദ്ധീകരിച്ച് ആസിഡ് മഴ പോലുള്ള ദുരന്തങ്ങളെ തടയുന്നു.

യജ്ഞത്തിന്റെ ഇത്തരത്തിലുള്ള ഭൗതിക ഗുണങ്ങളും ശാസ്ത്രീയ തത്വങ്ങളും നവോദ്ധാന നായകനും ആര്യസമാജസ്ഥാപകനുമായ മഹർഷി ദയാനന്ദ സരസ്വതി 1875 ൽ എഴുതിയ സത്യാർത്ഥപ്രകാശം എന്ന മഹത്ഗ്രന്ഥത്തിന്റെ മൂന്നാം സമുല്ലാസത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ അഗ്നിഹോത്രമെന്ന വൈദിക യജ്ഞത്തിന്റെ ഫലമായി നടക്കുന്ന പ്രവർത്തനങ്ങൾ അന്തരീക്ഷത്തിലും മറ്റു ജീവജാലങ്ങളിലും നിരവധി സഗുണാത്മകമായ മാറ്റങ്ങൾ വരുത്തുന്നു. ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കുന്നു. ഓസോൺ പാളികൾ ശക്തിപ്പെടുന്നതിനാൽ തീ

ക്ഷ്ണവും അപകടകാരികളുമായ ലേസർ രശ്മികളെ തടഞ്ഞു നിർത്താൻ കെൽപ്പുള്ളതാക്കി മാറ്റുന്നു. ഭൂമിയിലുണ്ടാകുന്ന അധിക താപമാനം കുറച്ച് മനുഷ്യർക്കുണ്ടാകാനിടയുള്ള പല രോഗങ്ങളും പ്രകൃതി ദുരന്തങ്ങൾ പോലും പ്രതിരോധിക്കാൻ ഇതിനാലാകുന്നു. യജ്ഞത്തിനു ശേഷം പ്രാണായാമത്തിൽ വരുന്ന ആഭ്യന്തര കുംഭകം 5 പ്രാവശ്യവും ഉദ്ഗീഥ് പ്രാണായാമം പത്തു പ്രാവശ്യവും ചെയ്യുന്നതിലൂടെ ശരീരത്തിനകത്തും പുറത്തും യജ്ഞത്താൽ ഉണ്ടാക്കപ്പെടുന്ന ആന്റിസെപ്റ്റിക് ഗ്യാസ് നമുക്ക് ചുറ്റും ഒരു സുരക്ഷാ കവചം പോലെ സ്ഥിതി ചെയ്ത് ദിവസം മുഴുവനും അന്തരീക്ഷ മാലിന്യങ്ങളേയും രോഗങ്ങൾ പരത്തുന്ന കീടാണുക്കളേയും തടഞ്ഞു നിർത്തുന്നു (പ്രാണായാമം അനുഷ്ഠിക്കുന്നത് ഒരു യോഗാചാര്യനിൽ നിന്നും യഥാവിധി പരിശീലനം ലഭിച്ചതിനു ശേഷമാവണം). ഇതോടൊപ്പം യജ്ഞകുണ്ഡത്തിൽ നിന്ന് 4 സ്പൂൺ ഭസ്മമെടുത്ത് നന്നായി അരിച്ചെടുത്ത് ശുദ്ധജലമുള്ള കുടത്തിൽ കലർത്തി ദിവസം മുഴുവനും ആ വെള്ളം ഉപയോഗിച്ചാൽ പ്രമേഹം, രക്തസമ്മർദ്ദം, അലർജി തുടങ്ങിയ നിരവധി രോഗങ്ങളിൽ നിന്ന് ആ

ശ്വാസം കിട്ടും. ഇത്തരത്തിൽ യജ്ഞമയമായ ജീവിതം നയിച്ചിരുന്നവർ ആയിരുന്നതിനാലാണ് നമ്മുടെ ഋഷീശ്വരന്മാരും ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ മഹാപുരുഷന്മാരും അരോഗ ദൃഢഗാത്രരായി ദീർഘകാലം ജീവിച്ചത്. പവിത്രമായ യജ്ഞാഗ്നിക്ക് മരണവക്ത്രത്തിൽ കിടക്കുന്നവരേപ്പോലും രക്ഷിക്കാനാകുമെന്ന് അഥർവ്വ വേദത്തിൽ (തം ആഹാരാമീ നിരർതേ ഉപസ്ഥാത്) പറയുന്നു.

യജ്ഞം കേവലമൊരു കർമ്മ കാണ്ഡമല്ല. ജലം, വായു, ഭൂമി, അന്തരീക്ഷം എന്നിവയെ ശുദ്ധീകരിച്ച് സർവ്വ രോഗങ്ങളിൽ നിന്നും എല്ലാവർക്കും നിവൃത്തി നൽകി മനസ്സിനു ശാന്തിയും ഈശ്വരാനുഗ്രഹവും നേടാനുള്ള വിശിഷ്ട കർമ്മമാണ് യജ്ഞങ്ങൾ. സ്വർഗ്ഗകാമോ യജേതാ (ശതപഥ ബ്രാഹ്മണം) എന്നു നമ്മുടെ ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നു.

അതിനാൽ നമുക്കും ദൈനംദിന അഗ്നിഹോത്രാനുഷ്ഠാനത്തിലൂടെ ശരീരവും മനസ്സും അന്തരീക്ഷവും പരിശുദ്ധമാക്കാം.

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

-ഓം-

# യജ്ഞമാഹാത്മ്യം

അന്നാദ് ഭവന്തി ഭൂതാനി പർജ്ജന്യാദന്ന സംഭവഃ
യജ്ഞാദ് ഭവതി പർജ്ജന്യോ യജ്ഞഃ കർമ സമുദ്ഭവഃ
(ഭഗവത് ഗീത 3-14)

അഗ്നൗ പ്രാസ്താഹുതിഃ സമ്യഗാദിത്യമുപതിഷ്ഠതേ
ആദിത്യാജ്ജായതേ വൃഷ്ടിർ വൃഷ്ടേരന്നം തതഃ പ്രജാഃ
(മനുസ്മൃതി 3-76)

അഗ്നിയിൽ ഹോമിക്കപ്പെട്ട ആഹുതികൾ സൂര്യനിൽ എത്തിച്ചേരുന്നു. സൂര്യനിൽ നിന്നാണ് മഴയുണ്ടാകുന്നത്. മഴയിൽ നിന്ന് അന്നവും അന്നത്തിൽ നിന്ന് പ്രജകളും ഉണ്ടാകുന്നു.

അഗ്നിഹോത്രസമോ ധർമോ ന ഭൂതോ ന ഭവിഷ്യതി
യജ്ഞൈരാപ്യായിതാ ദേവാ യജ്ഞാഃ കല്യാണഹേതവഃ
(വിഷ്ണു പുരാണം 1-6-8)

അഗ്നിഹോത്രസമമായി ഒരു ധർമ്മം ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയുമില്ല. യജ്ഞം അത്യന്തം മംഗളകരമാണ്.


**വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാകുക!**


**ദയാനന്ദ സന്ദേശം**

**വൈദിക-ദാർശനിക മാസിക**

വാർഷിക വരിസംഖ്യ 100 രൂപ
ദീർഘകാലം 1500 രൂപ

**വിലാസം : ആര്യസമാജം, വെള്ളിനേഴി**
പാലക്കാട് - 679 504

# മഹർഷി ദയാനന്ദ സരസ്വതി




**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

---

**ആര്യസമാജം**

**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി തപാൽ**

**പാലക്കാട് – 679 504**

**Ph: 0466 2283246, 7907077891, 9562529095**

**Email: aryasamajvellinezhi@gmail.com**

**www.aryasamajkerala.org.in**